സുനാമി ദുരന്തത്തിനുശേഷം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം

58 [237] *ശ്രീ. എ. എൻ. രാജൻബാബു:*

„ *കെ. കെ. ഷാജു:*

„ *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ എത്ര മീറ്റർ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കി എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) സുനാമി ദുരന്തത്തിനുശേഷം കടൽഭിത്തി നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടേയും എത്ര വർക്കുകൾക്ക് എ. എസും. റ്റി. എസും. നൽകിയിട്ടുണ്ട് എന്നതിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ കടൽഭിത്തികളുടെ (പഞ്ചായത്ത് തിരിച്ച്) വിശദ വിവരം ചുവടെ നൽകുന്നു.

ആലപ്പുഴ ജില്ല

പട്ടണക്കാട് പഞ്ചായത്തിൽ അന്ധകാരനഴിയിൽ 400 മീറ്റർ നീളം. കടക്കരപ്പള്ളി പഞ്ചായത്തിൽ ഒറ്റമശ്ശേരിയിൽ 250 മീറ്റർ നീളം. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജില്ലാ ആശുപത്രിക്ക് സമീപം 78 മീറ്റർ നീളം.

കോഴിക്കോട് ജില്ല

ബേപ്പൂർ പഞ്ചായത്തിൽ ശരക്കണ്ടി പറമ്പിൽ 100 മീറ്റർ നീളം.

(ബി) സുനാമി ദുരന്തത്തിനുശേഷം കടൽഭിത്തി നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കടൽക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾ

59 [238] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്തുണ്ടായ കടൽക്ഷോഭംമൂലം ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടൽഭിത്തി ഇല്ലാത്തതും കടൽഭിത്തി തകർന്നതുമായ സ്ഥലങ്ങളിൽ കടൽഭിത്തി സ്ഥാപിക്കുവാനും തകർന്ന സ്ഥലങ്ങളിൽ മെയിന്റനൻസ് നടത്തുവാനും ആവശ്യമായ സ്ഥലങ്ങളിൽ പുലിമുട്ട് സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കടൽക്ഷോഭംമൂലം നാശനഷ്ടങ്ങൾ ഉണ്ടായ പ്രദേശങ്ങൾ താഴെ പ്പറയുന്നവയാണ്.

തിരുവനന്തപുരം ജില്ല—കൊല്ലങ്കോട്, പൂവ്വാർ, വിഴിഞ്ഞം, പനത്തുറക്കര, പുന്തുറ, വേളി, പെരുമാതുറ, താഴംപള്ളി, വർക്കല, ബീമാപ്പള്ളി, വലിയതുറ, പുത്തൻതോപ്പ്, പുതുക്കുറിച്ചി, വെട്ടുതുറ, മുതലപ്പൊഴി, അഞ്ചുതെങ്ങ്, കാപ്പിൽ.

കൊല്ലം ജില്ല—ഇരവിപുരം, പരവൂർ മുതൽ താന്നി വരെ, മുണ്ടയ്ക്കൽ, കാക്കത്തോപ്പ്, തറയിൽകടവ്, കുളത്തിൽപാടം, ചിലയ്ക്കൽ പാലം, ആലപ്പാട്, ജയന്തി കോളനി, ശക്തികുളങ്ങര, വെള്ളനാത്തുരുത്ത്.

ആലപ്പുഴ ജില്ല—ആലപ്പാട്, ജയന്തി കോളനി, അഴീക്കൽ, പഞ്ചാരത്തോപ്പ്, അന്ധകാരനാഴി, ചെറിയഴീക്കൽ, തോട്ടപ്പള്ളി, നീർക്കുന്നം, ആനന്ദേശ്വരം, പുന്നപ്ര, വാടയ്ക്കൽ, വിജയപാർക്ക്, തുമ്പോളി, കാട്ടൂർ, ഒറ്റമശ്ശേരി.

എറണാകുളം ജില്ല—എടവനക്കാട്, നായരമ്പലം, പുത്തൻകടപ്പുറം, എളങ്കുന്നപ്പുഴ, ചാപ്പ കടപ്പുറം, പള്ളിപ്പുറം, കണ്ടേക്കാട്, ചാളത്തോട്, കണ്ണമാലി, ഫോർട്ട്കൊച്ചി ബീച്ച്.

തൃശ്ശൂർ ജില്ല—വാടാനപ്പള്ളി, എങ്ങാണ്ടിയൂർ, മുനക്കടവ്, അഞ്ചങ്ങാടി, ലൈറ്റ് ഹൗസ്.

മലപ്പുറം ജില്ല—കടലുണ്ടി, അരിയല്ലൂർ, അലുങ്കൽ തെക്കേകടപ്പുറം, മട്ടുംപുറം, താനൂർ, ചീരാൻ കടപ്പുറം, ഉണ്ണിയാൽ, തേവർ കടപ്പുറം, കുട്ടായി, പടിഞ്ഞാറേക്കര, പൊന്നാനി, പുതുപൊന്നാനി, വെളിയംകോട്.

കോഴിക്കോട് ജില്ല—മടപ്പള്ളി, അഴിയാർ, മാടക്കര, കുരിയാടി, ചോറോട്, കൊളാവിപ്പാലം, കസ്റ്റംസ്, പുറംകര, ഇരിങ്ങൽ, അയനിക്കാട്, പയ്യോളി, കൊയിലാണ്ടി, എലത്തൂർ, വെള്ളയിൽ, പുതിയങ്ങാടി, കോഴിക്കോട് ബീച്ച്, കല്ലായി, ബേപ്പൂർ, ചാലിയാർ, കടലുണ്ടി.

കണ്ണൂർ ജില്ല—പാലക്കോട്, വലിയ കടപ്പുറം, ചൂടാട്, പുതിയങ്ങാടി, പഴയങ്ങാടി, മാട്ടൂൽ, പയ്യമ്പലം, കണ്ണൂർ, തയ്യിൽ, കടലായി, കിഴുന്ന, മുഴുപ്പിലങ്ങാട്, പരീക്കടവ്, കൊടുവള്ളി, തലശ്ശേരി, ചാലിൽ, ഗോപാലപേട്ട, പെട്ടിപ്പാലം, ന്യൂമാഹി.

കാസർഗോഡ് ജില്ല— ബെറിക്ക, ഷിറിയ, കോയിപ്പാടി, കസ്ബ, ചേരിട, ചെമ്പരിക്ക, അജാനൂർ, തൈക്കടപ്പുറം, അഴിത്തല, വലിയപറമ്പ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) 2005 മെയ്മാസത്തിലുണ്ടായ കടൽക്ഷോഭംമൂലം തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും അടിയന്തിര പ്രതിരോധ നടപടി എന്ന നിലയിൽ മണൽചാക്ക് അടുക്കുന്നതിനുമായി CMDRF-ൽ (ചീഫ് മിനിസ്റ്റേഴ്സ് ഡിസാസ്റ്റർ റിലീഫ് ഫണ്ട്) നിന്ന് 446 ലക്ഷം രൂപ അനുവദിച്ചു. ഇതനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

കടലാക്രമണം തടയാൻ നടപടി

60 [239] *ശ്രീ. സി. കെ. നാണു:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. വി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ രൂക്ഷമായ കടലാക്രമണംമൂലം തീരപ്രദേശത്ത് ഉണ്ടായ നാശനഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലാക്രമണം തടയാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ശാസ്ത്രീയമായ പഠനം നടത്തി കടലാക്രമണം തടയാൻ ശാശ്വതമായ പദ്ധതിക്ക് രൂപം നൽകി അതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും സഹായവും നേടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണം, ഉയരം കൂട്ടൽ, കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തിയുടെ നിർമ്മാണം തുടങ്ങിയവയാണ് കടലാക്രമണം തടയാൻ സ്വീകരിക്കുന്ന പദ്ധതികൾ. സുനാമി ദുരന്തത്തിനു ശേഷം കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കുവേണ്ടി ആകെ 2707.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

(സി) കടൽഭിത്തി നിർമ്മാണത്തിന്റെ രീതികൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പൂനയിലെ സി. ഡബ്ലിയു. പി. ആർ. എസ്. ആണ്. അവർ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ചാണ് നിലവിൽ കടൽഭിത്തി നിർമ്മാണം നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly